**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3750</u>** **<u>27-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>മോട്ടോർ വാഹന വകുപ്പിലെ വിവിധ തസ്തികകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കേരള മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തുടങ്ങിയ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| തസ്തിക | നിലവിലെ ഒഴിവുകളുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 74<br>(74 റഗുലർ ഒഴിവുകളിൽ, 59 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, തസ്തികമാറ്റം വിഭാഗത്തിൽ മാറ്റിവെച്ചിട്ടുള്ള ഒരു ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 12 ഒഴിവുകൾ തസ്തികമാറ്റം വഴി നികത്തുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ) |
| മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 1 |
| ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 13 |
| ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ | ഇല്ല. |

| | | | |
|---|---|---|---|
| | | | <table><tr><td>ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ</td><td>1</td></tr></table> ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുതലുള്ള തസ്തികകളിൽ പ്രൊമോഷനു വേണ്ടിയുള്ള ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി നിലവിൽ കൂടിയിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് അനുവദിച്ച 14 ജില്ലാ എൻഫോഴ്സ്മെന്റ് ഓഫീസുകളിലും മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.ഓഫീസുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ കഴിയില്ല എന്നതിനാൽ, ജില്ലാ എൻഫോഴ്സ്മെന്റ് ഓഫീസുകളിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിനായി ആറ്റിങ്ങൽ, മൂവാറ്റുപുഴ, വടകര, തിരുവനന്തപുരം (നാഷണലൈസ്ഡ് സെക്ടർ) ഒഴികെയുള്ള എല്ലാ ആർ.ടി.ഒ.മാർക്കും അവരുടെ ജില്ലയിലെ ഓഫീസിൽ നിന്നും ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസിലേക്ക് ഒരു ക്ലാർക്കിനെ താൽക്കാലികമായി ഡെപ്യൂട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർ നൽകിയിട്ടുണ്ട്. ജില്ലാ എൻഫോഴ്സ്മെന്റ് ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്നതിനു, ഗതാഗത കമ്മീഷണർ വീണ്ടും ശിപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ അധിക ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ജീവനക്കാരുടെ അധിക ജോലിഭാരം കുറയ്ക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തിക എത്രയെണ്ണമുണ്ടെന്നും അതിൽ എത്ര ഉദ്യോഗസ്ഥരുണ്ടെന്നും കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ 2 തസ്തികകളാണ് നിലവിലുള്ളത്.<br>(1) ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.ടി.എ<br>(2) ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്).<br><br>നിലവിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ ( എൻഫോഴ്സ്മെന്റ്) തസ്തികയിൽ ഒഴിവുണ്ട്. |
| (ഇ) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; | (ഇ) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലവിൽ 127 ജീവനക്കാർ ജോലി ചെയ്തുവരുന്നു. |

<table>
<tr><td></td><td>ഇവിടെ ജോലി ചെയ്യുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എത്ര പേരുണ്ടെന്ന് അറിയിക്കാമോ;</td><td></td><td>
<table>
<tr><th>തസ്തിക</th><th>എണ്ണം</th></tr>
<tr><td>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ</td><td>2</td></tr>
<tr><td>മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ</td><td>1</td></tr>
<tr><td>ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ അസിസ്റ്റന്റ് സെക്രട്ടറി, എസ്.ടി.എ.</td><td>ഒരു തസ്തികയാണ് നിലവിലുള്ളത്. പ്രസ്തുത തസ്തിക 31.05.2024 -ലെ റിട്ടയർമെന്റിനെ തുടർന്ന് ഒഴിഞ്ഞ് കിടക്കുന്നു.</td></tr>
<tr><td>ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ</td><td>ഇല്ല</td></tr>
<tr><td>സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)</td><td>1</td></tr>
<tr><td>ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ</td><td>1</td></tr>
</table>
</td></tr>
<tr><td>(എഫ്)</td><td>ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാർ എത്രയാണെന്ന് അറിയിക്കാമോ?</td><td>(എഫ്)</td><td>ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലവിൽ 90 മിനിസ്റ്റീരിയൽ ജീവനക്കാർ ജോലി ചെയ്തുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ